*Celebrating Extraordinary Missionary Month October 2019…*

**Thursday, 3 October 2019**

**Fr. Winson Moyalan CMI**

ഏലിയാ.... നാലാം വ്യാഴം

Mt 8:1-4 കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു

സുവിശേഷ പ്രഘോഷണം എന്നാൽ ദൈവത്തിന്റെ കാരുണ്യത്തെ സാക്ഷ്യപ്പെടുത്തുക എന്നതാണ്. ദൈവത്തെ അറിഞ്ഞവർക്ക് അത് സാക്ഷ്യപ്പെടുത്താതിരിക്കാൻ സാദ്ധ്യമല്ല.

കുഷ്ഠരോഗികളെ അശുദ്ധരായി കണക്കാക്കപ്പെട്ടിരുന്ന ഒരു കാലഘട്ടം. (ലേവ്യ 13:29-37) സമൂഹത്തിൽ നിന്ന് അവർ ബഹിഷ്കൃതരായിരുന്നു. "അന്ധർ കാഴ്ച പ്രാപിക്കുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ സൗഖ്യം പ്രാപിക്കുന്നു" (11:5). സമൂഹത്തിൽ നിന്ന് ബഹിഷ്കൃതരായവരെയെല്ലാം മുഖ്യധാരയിലേക്ക് കൂട്ടികൊണ്ടുവരിക എന്ന യേശുവിന്റെ അതേ ശൈലി തന്നെയാണ് ക്രിസ്തു ശിഷ്യരും പിന്തുടരേണ്ടത്.

യേശുവിന്റെ സൗഖ്യദായക വചനവും, സ്പർശവും ജനകോടികൾ ഇന്നും കാത്തിരിക്കുന്നുണ്ട്. എന്നാൽ ശ്രദ്ധേയമായ ഒരു വചനം നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. "സുഖമാക്കപ്പെട്ട കാര്യം ആരോടും പറയരുത്" (4) എന്ന് യേശു പറയുന്നു.
കാരണം യേശു വന്നത് തന്റെ മഹത്വം പ്രഘോഷിക്കാനല്ല.

ദൈവം നമ്മിലൂടെ ചൊരിയുന്ന കാരുണ്യത്തിൽ അഹങ്കരിക്കാൻ നമുക്കെന്ത് അർഹത? അതൊക്കെ സ്വന്തം പ്രശസ്തിക്കും, പെരുമയ്ക്കും വേണ്ടി പാടി നടക്കാനുള്ളതല്ല. ധന സമ്പാദന മാർഗ്ഗവുമല്ല. ദാനമായി ലഭിച്ചത് ദാനമായി തന്നെ നല്കപ്പെടേണ്ടതാണ്.

ദൈവത്തിന്റെ കാരുണ്യത്തിൽ ആശ്രയിക്കുന്നവർ ഒരിക്കലും നിരാശരാവുകയില്ല. വിജയത്തിൽ നിന്ന് വിജയത്തിലേക്ക് മുന്നേറുക തന്നെ ചെയ്യും.

*Published by*
CMI General Department of Evangelization and Pastoral Ministry